ഭരണഭാഷ-മാതൃഭാഷ

ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.ഫിൻ.ബി5/123268/എച്ച്.എസ്.ഇ/2018 തീയതി : 15/11/2018

പരിപത്രം

വിഷയം: സർക്കാരിൽ നിന്നുള്ള ഫണ്ട് കൈകാര്യം സംബന്ധിച്ച്.

സൂചന : 1) 24/11/2017-ലെ 83/2017/ധന നം. സർക്കുലർ.

2) 30/01/2018 - ലെ 8/2018/ധന നം സർക്കുലർ.

പല സ്കൂളുകളിലും ഡയറക്ടറേറ്റിൽ നിന്ന് ലഭിക്കുന്ന വിവിധ അഡ്വാൻസുകളും അലോട്ട്മെന്റുകളും, സർക്കാരിൽ നിന്നും പ്ലാൻ/നോൺപ്ലാനായി ലഭിക്കുന്ന ഫണ്ടു വരവുകളും, കൈകാര്യം ചെയ്യുന്നതിനായി, സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രിൻസിപ്പൽമാരുടെ പേരിൽ ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.വി ക്യാമ്പ് നടത്തിപ്പ് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കാൻ ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമാണ്. നിലവിൽ ഏതെങ്കിലും ആവശ്യങ്ങൾക്കായി സർക്കാരിന്റെ/വകുപ്പുമേലധികാരിയുടെ/ അംഗീകൃത അധികാര സ്രോതസ്സിൽ നിന്നും ലഭിച്ച അനുവാദമില്ലാതെ ബാങ്ക് അക്കൗണ്ടുകൾ വഴിപണമിടപാടുകൾ നടത്തുന്നുണ്ടെങ്കിൽ ടി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് തുക സ്കൂളിന് അനുദിച്ചിട്ടുള്ള TSB അക്കൗണ്ടിലേക്ക് മാറ്റി 15.12.2018-നകം ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്യേണ്ടതും തുടർന്ന് TSB അക്കൗണ്ടുവഴി മാത്രം ഇടപാടുകൾ നടത്തേണ്ടതാണ് എന്ന് അറിയിക്കുന്നു. വിവിധ ആവശ്യങ്ങൾക്കായി ഡയറക്ടറേറ്റിൽ നിന്നും അനുവദിക്കുന്ന അഡ്വാൻസ് അലോട്ട്മെൻുകളുടെ ധനവിനിയോഗം സംബന്ധിച്ച് സൂചന(1), (2) എന്നിവ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ എല്ലാ ഡി.ഡി.ഒ മാരും പാലിക്കേണ്ടതാണ്. സൂചനാ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഡി.ഡി.ഒ മാർ ഫണ്ട് കൈകാര്യം ചെയ്യുന്നതായി പരിശോധനയിൽ കണ്ടെത്തിയാൽ കർശനമായ വകുപ്പ് തല നടപടികൾ സ്വീകരിക്കുന്നതാണ് IFMS എന്ന ധനകാര്യ മാനേജ്മെന്റ് സംവിധാനം സർക്കാർ ആരംഭിച്ച സാഹചര്യത്തിൽ ബാങ്ക് വഴി നടത്താവുന്ന ഇടപാടുകൾ ട്രഷറി സംവിധാനം വഴി നടത്താവുന്നതാണെന്നറിയിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ